ശ്രീ. എ. കെ. പാച്ചുപിള്ള: ഈ ഫാക്ടറികളിൽ ഓരോന്നിലും എത്ര തൊഴിലാളികൾക്കു വീതം തൊഴിൽ ലഭിക്കുമെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുപറയാൻ ഇപ്പോൾ ഗവണ്മെണ്ടിനു സാധ്യമല്ല.

ശ്രീ. എ. പി. ഉദയഭാനു: ഈ കെട്ടിടങ്ങൾക്കു് എത്രകാലം ആയുസ്സുണ്ടാകുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ സൂക്ഷ്മതയോടുകൂടി പെരുമാറുകയാണെങ്കിൽ കൂടുതൽ കാലം നില്ക്കുമെന്നാണു് എൻജിനീയറന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

വനം തെളിക്കലും വൃക്ഷം വെട്ടലും

*൯ ൭൭. (൯) ശ്രീ. വി. കെ. വർഗ്ഗീസു്: താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വനം തെളിക്കുന്നതിനെ സംബന്ധിച്ചു് സെൻട്രൽ ഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) വൃക്ഷം വെട്ടുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ഇല്ല.

ശ്രീ. എം. ഐ. പോൾ: വനം തെളിച്ചപ്പോൾ അവിടെനിന്നും വെട്ടിയെടുത്തിട്ടുള്ള വൃക്ഷങ്ങളിൽനിന്നും ഇതുവരെ ഗവണ്മെണ്ടിനു എത്ര രൂപ വരവുണ്ടായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ അതിന്റെ കണക്കുപറയുവാൻ സാധ്യമല്ല.

ശ്രീ. എം. ഐ. പോൾ: വനം തെളിക്കുമ്പോൾ അവിടെനിന്നും വെട്ടിയെടുക്കുന്ന വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം ആർക്കാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനാണു്.

ശ്രീ. എം. ഐ. പോൾ: വനം തെളിക്കുന്നിടത്തുള്ള വൃക്ഷങ്ങളും വിറകു് അതിൽനിന്നുണ്ടാകുന്ന ആദായം ഗവണ്മെണ്ടിനു കിട്ടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. തടി വിറക കിട്ടുന്നതുക ഗവണ്മെണ്ടിലേക്കുതന്നെ കിട്ടുന്നുണ്ടു്.

ശ്രീ. വി. കെ. വറുഗീസു്: വനം തെളിക്കുന്നതിനെ സംബന്ധിച്ചു് ഇൻഡ്യാ ഗവണ്മെണ്ടിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്തു നിർദ്ദേശമാണു് ലഭിച്ചിട്ടുള്ളതെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൃഷ്യുല്പാദനത്തിനുവേണ്ടി വനംതെളിച്ചു് കൃഷി ചെയ്യുന്നതിനുവേണ്ട പരിശ്രമങ്ങൾ നടത്തുമ്പോൾ അതുമൂലം മറ്റു ദോഷങ്ങൾ, അതായതു്, പുഴകൾ നികന്നുപോകുക, മണ്ണൊലിച്ചുപോവുക എന്നിങ്ങനെയുള്ള ദോഷങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട പരിശോധനകൾ നടത്തണമെന്നു് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ അക്കാര്യം ഇൻഡ്യാഗവൺമെണ്ടിൽനിന്നും ആവശ്യപ്പെടുന്നതിനു മുമ്പുതന്നെ അങ്ങിനെ ഒരു അന്വേഷണം നടത്തേണ്ടതു് ആവശ്യമാണെന്നു ഈ ഗവൺമെണ്ടു് തീരുമാനിക്കുകയും ആ വിവരം ഇൻഡ്യാഗവൺമെണ്ടിനെ അറിയിക്കുകയും ഉണ്ടായിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് സാങ്കേതിക മായ പരിജ്ഞാനമുള്ള ആളുകളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ചു് അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു ചെയ്യാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: ദേവികുളത്തു കൃഷിയാവശ്യത്തിലേക്കു് പതിച്ചു കൊടുത്ത സ്ഥലങ്ങളിൽ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം ആർക്കാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ കൃഷിയാവശ്യങ്ങൾക്കായി ഭൂമി പതിച്ചുകൊടുത്തിട്ടില്ല. കുറെ സ്ഥലം കുത്തകപാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുണ്ടു്. ആ സ്ഥലങ്ങളിലുള്ള നന്നു ഇഞ്ചു് ചുറ്റളവിൽ കുറഞ്ഞ വൃക്ഷങ്ങൾ മുറിച്ചുകൂടുന്നതിനും വിറകായിട്ടോ മറ്റൊ ഉപയോഗിക്കുന്നതിനും മുമ്പിനാലെതന്നെ നിലവിലിരിക്കുന്ന കുത്തകപാട്ടവ്യവസ്ഥകൾ അനുസരിച്ചു് കൃഷിക്കാർക്കു് അവകാശമുണ്ടു്. ആ നീക്കിയുള്ള വലിയ തടികളെല്ലാം വെട്ടി മാറ്റാനുള്ള അവകാശം ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിനാണു്. ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടു് അതു ചെയ്യുന്നുമുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇവിടെ വനമഹോത്സവം ആഘോഷിച്ചതു് ഇൻഡ്യാഗവൺമെണ്ടിന്റെ നിർദ്ദേശപ്രകാരമായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ബഹു: ഇൻഡ്യൻ പ്രസിഡണ്ടു നൽകിയ ഒരു നിർദ്ദേശം അനുസരിച്ചാണു്.

ശ്രീ. എം. ഐ. പോൾ: ദേവികുളത്തു കൃഷിക്കുവേണ്ടി കൊടുത്ത സ്ഥലത്തുനിന്നും തടികൾ മാറ്റുന്നതിനുള്ള അവകാശം കൊടുത്താൽ ഏ ഠ ലക്ഷം രൂപാ തന്നുകൊള്ളമെന്നു് ആരെങ്കിലും ഗവൺമെണ്ടിനു മുറപ്പു നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ആരെങ്കിലും ഉറപ്പു നൽകിയിട്ടുള്ളതായി അറിവില്ല.

ശ്രീ. ടി. വി. ദേവൻ: കഴിഞ്ഞ കൊല്ലം പിന്നോക്കസമുദായക്കാർക്കു് മാറ്റിവെച്ചിട്ടുള്ള സ്ഥലങ്ങളിലെ വൃക്ഷങ്ങൾ വെട്ടി മാറ്റിയിട്ടു് അവർക്കു വിട്ടുകൊടുക്കാമെന്നു് ഗവൺമെണ്ടു പറഞ്ഞിരുന്നു. എന്നാൽ അതു ഇതുവരേയും ചെയ്തിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വൃക്ഷങ്ങൾ വെട്ടി മാറ്റുന്നതിനു മുമ്പു് ആളുകൾ പ്രവേശിച്ചാൽ അതിൽനിന്നും ഗവൺമെണ്ടിനു നഷ്ടം നേരിട്ടേക്കും എന്ന ഭയന്നിട്ടാണു് വൃക്ഷങ്ങൾ മാറ്റിയതിനുശേഷം സ്ഥലം വിട്ടുകൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു്. പെട്ടോൾ ക്ഷാമംകൊണ്ടു് കുടിയകാലത്തു വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിനു കുറച്ചു പ്രയാസങ്ങൾ വന്നിട്ടുണ്ടു്. എന്നാൽ ഇപ്പോൾ കഴിയുന്നതും വേഗത്തിൽ വൃക്ഷങ്ങൾ വെട്ടി മാറ്റുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: ദേവികുളത്തു വനം തെളിക്കുന്ന സമയത്തുനിന്നും വൃക്ഷങ്ങൾ വെട്ടി മാറ്റുന്നതിനുള്ള അവകാശം കൊടുത്താൽ ഏ ഠ ലക്ഷം രൂപ തന്നുകൊള്ളാൻ തയ്യാറാണെന്നു് ഞാൻതന്നെ ഒരു നിവേദനം ചീഫ് മിനിസ്റ്ററുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായി ബഹു. മന്ത്രിക്കു് അറിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ സമർപ്പിച്ചിട്ടുണ്ടെങ്കിൽതന്നെയും ആ ഇനത്തിൽ ഫ 0 ലക്ഷം രൂപായിൽ കൂടുതൽ ഗവമ്മെണ്ടിനു കിട്ടാനിടയുണ്ടെങ്കിൽ അതെന്തിനു് വേണ്ടെന്നു വയ്ക്കണം?

ശ്രീ. എം. ഐ. പോൾ: ഇതുവരെയായി ആ ഇനത്തിൽ ഫ 0 ലക്ഷം രൂപയിൽ കൂടുതൽ ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനകം കിട്ടിയിട്ടുണ്ടോ എന്നു നിശ്ചയമില്ല. കണക്കുകൾ എന്റെ കൈവശം ഇല്ല.

ശ്രീ. എം. ഐ. പോൾ: ഫ 0 ലക്ഷം രൂപയിൽ കൂടുതൽ കിട്ടുമെന്നു് ഗവമ്മെണ്ടു പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സിവിൽ സപ്ലൈസ് കമ്മീഷണർ

*ൻ ൭൫. (ഫ 0) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സിവിൽ സപ്ലൈസ് കമ്മീഷണറാപ്പീസ് മാനേജർ ഇപ്പോൾ ആരാണു്;

(ബി) അദ്ദേഹത്തിന്റെ മൻജോലി എന്തായിരുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ), (ബി) സിവിൽ സപ്ലൈസ് കമ്മീഷണരുടെ ആഫീസിൽ മാനേജർ എന്ന ഒരു തസ്തിക ഇല്ല.

പ്രവേശന പരീക്ഷ

*ൻ ൭ൻ. (ഫ ഫ) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിൽ ക്ലാസിൽ ചേർന്നു പഠിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു് അങ്ങനെയുള്ളവരെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേർക്കുന്നതിനു് ഒരു പ്രവേശനപരീക്ഷ നടപ്പിലുണ്ടോ;

(ബി) ഫൻ ൪ 0-ൽ അങ്ങനെയൊരു പരീക്ഷ നടത്തീട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കൊച്ചി ഡിവിഷനിൽ ക്ലാസിൽ ചേർന്നു പഠിച്ചിട്ടില്ലാത്തവരെ ഉദ്ദേശിച്ചു് എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്ന പതിവുണ്ടു്.

(ബി) ഫൻ൪ 0-ൽ ഈ പരീക്ഷ പതിവുപോലെ നവംബർമാസത്തിൽ നടത്തുന്നുണ്ടു്.

ശ്രീ. വി. കെ. വറുഗീസ്: തിരുവിതാംകൂർ വിഭാഗത്തിൽ അങ്ങിനെ ഒരു പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. വി. കെ. വറുഗീസ്: തിരുവിതാംകൂറിലുംകൂടി ആ ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചു് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly